LIBRARY ARCHIVES Kerala Legislative Assembly

കർഷകർക്ക് ലഭ്യമായ വിള ഇൻഷ്വറൻസ് പദ്ധതികൾ

209 (4277) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമായ വിള ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(സി) നാളികേരത്തിനുള്ള വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) നിലവിൽ കേരളത്തിലെ 25 പ്രധാന കാർഷിക വിളകളെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ 1995 മുതൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ടിത ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷുറൻസ് പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നിവയെ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 5 വർഷം തെങ്ങുകൾക്കാണ് കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതനുസരിച്ച് 10 തെങ്ങുകളെങ്കിലും ഉള്ള കർഷകർക്ക് 4 മുതൽ 60 വർഷം പ്രായമായ തെങ്ങുകൾ ഇൻഷ്വർ ചെയ്തു വരുന്നുണ്ട്. സർക്കാർ പ്രീമിയം തുക മൊത്തം നൽകിവരുന്നു. 4-15 വർഷം പ്രായമുള്ള തെങ്ങുകൾക്ക് 600 രൂപയും 16 മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങുകൾക്ക് 1150 രൂപയും നഷ്ടപരിഹാരം നൽകിവരുന്നു.

ടി X ഡി പോളിനേഷൻ ജോലിക്കാരുടെ പെൻഷൻ പദ്ധതി

210 (4280) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടി X ഡി പോളിനേഷൻ ജോലിക്കാരുടെ പെൻഷൻ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതിന്റെ സഹായം എത്ര പേർക്ക് കിട്ടിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ടി X ഡി പോളിനേഷൻ തൊഴിലാളികൾ സീസണൽ തൊഴിലാളികളായതിനാൽ പെൻഷൻ പദ്ധതികളൊന്നും നിലവിലില്ല. സ്ഥിരം തൊഴിലാളികൾക്കു മാത്രമേ നിലവിൽ പെൻഷൻ പദ്ധതിയുള്ളൂ.

കർഷകർക്കുള്ള അഗ്രികാർഡ്

211 (4281) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ കർഷകർക്ക് അഗ്രികാർഡ് നൽകിയിട്ടുണ്ടോ ; ഓരോ ജില്ലയിലും എത്ര കർഷകർക്ക് വീതം കാർഡ് നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) അഗ്രികാർഡ് ലഭ്യമായ കർഷകന് എന്തൊക്കെ ഗുണങ്ങളാണ് ഇതുവഴി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൃഷി വകുപ്പിന്റെ കീഴിൽ കർഷകർക്ക് അഗ്രികാർഡ് നൽകിയിട്ടില്ല. എന്നാൽ പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ നെൽ കൃഷിമേഖലയിൽ പെടുകിട നാമമാത്ര കർഷകർക്ക് ഗ്രീൻകാർഡ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ നൽകുന്നു :

ആലപ്പുഴ	:	15668
തൃശ്ശൂർ	:	3856
പാലക്കാട്	:	9397

പലിശരഹിത വായ്പാ പദ്ധതിയിൽ ഗുണഭോക്താക്കളാകുന്ന നെൽകർഷകരുടെ കാർഷിക സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനാണ് ഗ്രീൻ കാർഡ് നൽകുന്നത്. കർഷകരുടെ കൈവശമുള്ള കൃഷിഭൂമിയുടെ വിശദാംശങ്ങൾ കർഷകന് ലഭ്യമായിട്ടുള്ള വിവിധ ആനുകൂല്യങ്ങൾ, ടിയാൾ വായ്പ എടുത്തതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയ ഗ്രീൻ കാർഡുകൾ കൈവശമുള്ള കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ, വായ്പ തുടങ്ങിയവ കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കുന്നതിന് സഹായകരമാകും.

നെൽകൃഷിക്ക് പലിശരഹിത വായ്പ, ധനകാര്യ സ്ഥാപനങ്ങളിൽ (സഹകരണ മേഖലയിൽ) നിന്നും ലഭ്യമാക്കുന്നതിനും കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനും ഗ്രീൻകാർഡ് ഉടമയായ കർഷകന് മുൻഗണന ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly